Clause 4

The question that Clause 4, stands part of the Bill was put and carried.

Clause 4 was added to the Bill.

Clause 1, *Pramble and Title*

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Education (**Shri C. H. Mohammed Koya**): Sir, I move that the Bill may be finally passed.

Minister for Industries and Forests (**Shri P. S. Sreenivasan**): I second it.

The question that the Kerala Municipal Corporations (Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

(vii) 1979–ലെ കേരള മുനിസിപ്പാലിറ്റികൾ (രണ്ടാം ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): 1979–ലെ കേരള മുനിസിപ്പാലിറ്റികൾ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ആർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യത്തെക്കുറിച്ചുള്ള സ്റ്റേറ്റുമെൻറും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

Mr. Chairman: The Bill stands introduced.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Home (**Shri K. M. Mani**): I second it.

Shri N. I. Devassykutty: Sir, 'I move that the Kerala Municipalities (Second Amendment) Bill, 1979 be circulated for eliciting public opinion till 31st May, 1979.'

[Dy. Speaker in the chair]

Shri S. Thyagarajan: Sir, I move that the Kerala Municipaliites (Second Amendment) Bill, 1979 be referred to a Select Committee.

സർ, ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഒരു കാര്യം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. നമ്മുടെ മുനിസിപ്പൽ കോർപ്പറേഷൻ പഞ്ചായത്തു തിരഞ്ഞെടുപ്പുകളൊക്കെ നീട്ടിവയ്ക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ പാസാക്കിയതുകൊണ്ട് തിരഞ്ഞെടുപ്പു നടത്തുന്നതിന് കാര്യമായ സാവകാശമുണ്ട്. ഈ സന്ദർഭത്തിൽ മുനി

LIBRARY ARCHIVES Kerala Legislative Assembly

സിപ്പൽ പഞ്ചായത്തു തിരഞ്ഞെടുപ്പു റൂംസിൽ വളരെ വലിയ ഒരു പ്രമാദിത്വം പററിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഒന്നിലധികം പ്രാവശ്യം അതു ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. 1979—ൽ ജസ്റ്റീസ് കെ.കെ. മാത്യുവിന്റെ ഒരു റൂളിംഗിൽ ഈ കാര്യം ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണെന്നു സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ സാധാരണ പൊതു തിരഞ്ഞെടുപ്പു നിയമങ്ങളിൽ ഒരു വോട്ടർ വോട്ടു ചെയ്യുന്നതിന് ചെല്ലുമ്പോഴം ബാലറ്റ് പേപ്പറിൽ സ്ഥാനാർത്ഥികൾക്ക് നിർദ്ദേശിച്ചിട്ടുള്ള കാളത്തിൽ, സ്ഥാനാർത്ഥിക്ക് അനുവദിച്ചിട്ടുള്ള ചിഹ്നത്തിലോ കാളത്തിലോ മുദ്ര പതിപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മുനിസിപ്പൽ പഞ്ചായത്ത് റൂംസിൽ അങ്ങനെ വ്യക്തമായി അതു സൂചിപ്പിച്ചിട്ടില്ല. അതിന്റെ ഫലമായി ബാലറ്റു പേപ്പറിൽ വോട്ടറുടെ ഇൻറൻഷൻ എന്ത് എന്ന വ്യാഖ്യാനം എത്രവേണമെങ്കിലും നീട്ടിക്കൊണ്ടുപോകാനും ദുർവ്യാഖ്യാനം ചെയ്യാനും കഴിയുന്നു. ബാലറ്റ് പേപ്പറിന്റെ മറുവശത്ത് വോട്ടു ചെയ്താൽ സ്ഥാനാർത്ഥിക്ക് അനുവദിച്ചിട്ടുള്ള സിമ്പൽ മറുവശത്തു കാണാൻ കഴിയുന്നു എന്നു ന്യായം പറഞ്ഞുകൊണ്ട് വോട്ടറുടെ ഇൻറൻഷൻ അതാണെന്ന വ്യാഖ്യാനമനുസരിച്ച് ഇത്തരം വോട്ടുകം സാധുവായി പ്രഖ്യാപിക്കുന്ന തീരുമാനം ഹൈക്കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ ഒപാതു തിരഞ്ഞെടുപ്പു നിയമത്തിൽ അങ്ങനെ ഒരു വ്യവസ്ഥയുമില്ല. പൊതുതിരഞ്ഞെടുപ്പു നിയമത്തിൽ ഒരു വോട്ടർ ബാലറ്റ് പേപ്പറിന്റെ ഇന്നഭാഗത്ത് വോട്ടുചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. മുനിസിപ്പൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അങ്ങനെ വ്യക്തമായി പറഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് ഇതു വന്നിട്ടുള്ളത്. ഒന്നുരണ്ടു തിരഞ്ഞെടുപ്പു കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇതു ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നുള്ളതു പരിഗണിച്ച് ഗവൺമെൻറ് ഈ കാര്യത്തിൽ അടുത്ത മുനിസിപ്പൽ പഞ്ചായത്തു തിരഞ്ഞെടുപ്പുകംക്കു മുമ്പുതന്നെ ഇലക്ഷൻ റൂംസിൽ ഈ മാറ്റം ഉണ്ടാക്കണമെന്നാണ് എനിക്ക് പ്രത്യേകമായി മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ജില്ലാ ഭരണ നിയമമൊക്കെ പാസായിരിക്കുന്നു. നമ്മുടെ മുനിസിപ്പൽ ഭരണത്തെ കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി, മുനിസിപ്പാലിറ്റികംക്കു കൂടുതൽ അധികാരങ്ങം നൽകുന്നതിനുവേണ്ടികൂടി ആവശ്യമായ ഭേദഗതികം നിയമത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകം അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി.കെ. ഇട്ടൂപ്പ്</u>: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. മറ്റു പല ബില്ലുകളെ അപേക്ഷിച്ച് ഈ ബില്ലിന്റെ ഓബ്ജക്ടസ് ആൻറ് റീസൺസിൽ പറയുന്നത് കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിലിനെ തിരഞ്ഞെടുക്കുന്നതിനുള്ള കാലാവധി നീട്ടണമെന്നുള്ളതാണ്. സർ, കൊടുങ്ങല്ലൂർ, അങ്കമാലി, കോതമംഗലം ഇതുപോലുള്ള പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയായി രൂപാന്തരപ്പെട്ടതിനു ശേഷം നികുതി പിരിക്കുന്നതിനുമാത്രമുള്ള ഒരു സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ആ പ്രദേശത്തുള്ള ജനങ്ങംക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അവകാശം കൊടുക്കാതെ തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുന്ന ഈ പരിപാടി ജനാധിപത്യവിരുദ്ധമാണ്, ഈ പ്രദേശത്തെ ജനങ്ങളോടു ചെയ്യുന്ന ഒരു വഞ്ചനയാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കൊടുങ്ങല്ലൂർപോലുള്ള പഞ്ചായത്തുകം മുനിസിപ്പാലിറ്റിയായി രൂപാന്തരപ്പെടുത്തിയതിനുശേഷം വർഷങ്ങളോളം ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പു നടത്താതെ നീട്ടിക്കൊണ്ടുപോകുന്നതിനുള്ള പരിപാടികളു മായി വരുന്ന ഇത്തരത്തിലുള്ള നിയമനിർമ്മാണത്തെ എതിർക്കാതിരി ക്കാൻ നിവൃത്തിയില്ല. പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയായി രൂപാന്തരപ്പെടുത്തിയതിനുശേഷം മറ്റുള്ള മുനിസിപ്പാലിറ്റികളിലെ തിരഞ്ഞെടുപ്പും ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് കാലാവധി നീട്ടി ക്കൊണ്ടുപോകേണ്ട ആവശ്യമെന്താണെന്ന് ആലോചിക്കണം. അതു പോലെതന്നെ ഈ നിയമസഭയിൽ ഒന്നു രണ്ടുദിവസങ്ങളായി ചർച്ചയ്ക്കു വന്നിട്ടുള്ള ബില്ലുകളെല്ലാം കാലാവധി നീട്ടുന്നതിനുള്ള ബില്ലുകളാണ്. ഇതിനു മുമ്പെടുത്ത ചില ബില്ലുകളും ചില പ്രത്യേക വ്യക്തികളെ താലോലിക്കാൻവേണ്ടി അല്ലെങ്കിൽ പിൻതുണ ലഭിക്കുന്നതിനുവേണ്ടി അവരെ സഹായിക്കുന്നതിനുവേണ്ടി അവരുടെ അഴിമതിക്കു കൂട്ടുനിൽ ക്കുന്നതിനുവേണ്ടി കാലാവധി നീട്ടിക്കൊടുക്കുന്നതാണ്. തിരഞ്ഞെടു പ്പിൽകൂടി ഭരണസംവിധാനം പ്രയോഗത്തിൽ വരുത്തേ സ്ഥലങ്ങളിൽ പേരിന് മുനിസിപ്പാലിറ്റിയാക്കിക്കൊണ്ട്, പഞ്ചായത്തായിരുന്നകാലത്ത് ഉണ്ടായിരുന്ന ടാക്സിനേക്കാളും വർദ്ധിപ്പിച്ച് അവിടത്തെ ജനങ്ങളെ ബുദ്ധിമുട്ടിക്കാനുള്ള, ഏതാനും ഉദ്യോഗസ്ഥൻമാർക്ക് ഭരിക്കുന്നതി നുള്ള അവകാശം കൊടുക്കുന്ന രീതി അവലംബിച്ചിരിക്കുന്നത് ആക്ഷേ പാർഹമാണ്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർ ക്കുകയാണ്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, എല്ലാ മുനിസിപ്പാലിറ്റികളുടെയും തിരഞ്ഞെടുപ്പു നീട്ടുന്നതിനു വേണ്ടിയുള്ള ഒരു ബില്ല് ഇവിടെ കൊണ്ടുവരാൻ നിയമപ്രകാരം സാദ്ധ്യ മല്ലാത്തതുകൊണ്ടാണ് വെവ്വേറെ ബില്ലുകളായി കൊണ്ടുവന്നത്. ഒരു ബില്ലിനെസംബന്ധിച്ചു സംസാരിച്ച സംഗതികളും തന്നെയാണ് എല്ലാ ബില്ലുകളെപ്പറ്റിയും പറയുന്നത്. തിരഞ്ഞെടുപ്പു നീട്ടുന്നത് ഒരു സുഖകരമായ കാര്യമല്ലെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ തിരഞ്ഞെ ടുപ്പു സെപ്റ്റംബറിൽ നടത്തണമെന്നു ഗവൺമെൻറ് തീരുമാനിച്ചി ട്ടുണ്ടെന്നു പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനനുസരിച്ച് പല ബില്ലുകളും ഈ സഭ പാസാക്കിക്കഴിഞ്ഞു. ഇതും പാസാക്കിത്തരണ മെന്ന് അപേക്ഷിക്കുന്നു.

The amendment moved by Shri N.I. Devassykutty was, put and lost.

The amendment moved by Shri S. Thyagarajan was, by leave, withdrawn.

The question that the Bill be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Education (**Shri C. H. Mohammed Koya**): Sir, I move that the Bill may be finally passed.

Minister for Home (**Shri K. M. Mani**): I second it.

The question that the Kerala Municipalities (Second Amendment) Bill, 1979 be finally passed was put and carried.

The Bill was Finally Passed

(viii) 1978–ലെ സർവ്വകലാശാലാനിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, 1978–ലെ സർവ്വകലാശാലാനിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

Mr. Deputy Speaker: The Bill stands introduced.

Shri C. H. Mohammed Koya: I move that the Bill may be taken into consideration.

Minister for Home (**Shri K. M. Mani**): Sir, I second it.

Shri N. I. Devassikutty: Sir, I move that the University Laws (Amendment) Bill, 1978 be circulated for eliciting public opinion till 30th June, 1979.

സർ, കേരളത്തിലെ വിവിധ സർവ്വകലാശാലകളേയും സ്പർശിക്കുന്ന ഒരു ഭേദഗതി നിയമമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ വൈസ്ചാൻസലറുടെ അലവൻസുകളും മറ്റാനുകൂല്യങ്ങളും നൽകാനുള്ള വ്യവസ്ഥ, ബില്ലിൽ ഇല്ലാത്തതുകൊണ്ട് അതു കൂട്ടിച്ചേർക്കാൻ വേണ്ടിയാണ്, സെക്രട്ടറിയെ നോമിനേറ്റു ചെയ്യുന്നതോടുകൂടി അഡീഷണൽ സെക്രട്ടറിയെക്കൂടി നോമിനേറ്റുചെയ്യേണ്ടതായിവരും; അതിനുവേണ്ടിയാണ്, അതുപോലെതന്നെ കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സിൻഡിക്കേറ്റിൽ മെമ്പറല്ലാത്ത യൂണിവേഴ്സിറ്റികളിൽ അതു ചെയ്യാനാണ് എന്നെല്ലാം പറഞ്ഞുകൊണ്ടുള്ള ഭേദഗതി നിയമമാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം എന്തിനിത്ര ധൃതിപിടിച്ച് ഈ വൈസ്ചാൻസ്ലറുടെ ശമ്പളം കൂട്ടുന്ന കാര്യവും ഈ സിൻഡിക്കേറ്റിലേക്കുള്ള മെമ്പറൻമാരുടെ നോമിനേഷൻ കാര്യവും ചെയ്യുന്നു? അതിനായി ഈ ബിൽ കൊണ്ടുവരുന്നതിനു മുൻപായി ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ കാണിക്കുന്ന ജാഗ്രതയുടെ ഒരംശമെങ്കിലും ഈ യൂണിവേഴ്സിറ്റിയുടെ സൽഭരണത്തിന്റെ കാര്യത്തിൽ പ്രകടിപ്പിച്ചിരുന്നുവെങ്കിൽ ഈ രാജ്യത്തെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൻമാർക്കും ഈ നാട്ടിനു തന്നെയും ഒരു വലിയ അനുഗ്രഹമാകുമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ഇന്നു ചോദിക്കുവാൻ ആളുകളാരുമില്ലാത്ത, നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly